# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1806** **01.11.2019 -ലെ മറുപടിയ്ക്ക്**

## മഹാത്മാഗാന്ധി സർവ്വകലാശാല എം.കോം. നാലാം സെമസ്റ്റർ പുനർനിർണ്ണയം

*ചോദ്യം* *ഉത്തരം*

**ശ്രീ. വി.പി. സജീന്ദ്രൻ**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പുനർനിർണ്ണയം നടത്തുന്ന എം.കോം നാലാം സെമസ്റ്റർ അഡ്വാൻസ്ഡ് കോസ്റ്റ് അക്കൗണ്ടിംഗ് പരീക്ഷയുടെ 30 ഉത്തരക്കടലാസുകൾ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പരും ഫാൾസ് നമ്പരും സഹിതം പരീക്ഷാ ചുമതലയുള്ള സിൻഡിക്കേറ്റംഗം ഡോ. ആർ പ്രഗാഷിന് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല റീ വാല്യൂവേഷന് വേണ്ടി പുതിയ സോഫ്റ്റ് വെയർ നടപ്പിലാക്കി വരികയാണ്. ഇതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഫാൾസ് നമ്പർ വച്ച് സോഫ്റ്റ് വെയർ പ്രവർത്തനക്ഷമമാകുമ്പോൾ കൃത്യമായി ഡീകോഡ് ചെയ്ത് യഥാർത്ഥ രജിസ്റ്റർ നമ്പറിലേക്ക് എത്താൻ കഴിയുമോ എന്നത് പരിശോധിക്കേണ്ടിയിരുന്നു. ഇതിനാവശ്യമായ ഡമ്മി പരിശോധനകൾ സർവ്വകലാശാലയിൽ പൂർത്തീകരിച്ചിരുന്നു. തുടർന്ന് യഥാർത്ഥ പരിശോധനയ്ക്കായി ഫാൾസ് നമ്പറിലുള്ള ഉത്തരക്കടലാസുകളും അതിന് corresponding ആയിട്ടുള്ള രജിസ്റ്റർ നമ്പരുകളും ഏറ്റവും രഹസ്യമായി പരിശോധിക്കേണ്ടിയിരുന്നു. ഈ ആവശ്യത്തിനായി പരീക്ഷാ കമ്മറ്റിയുടെ ചുമതലയുള്ള സിൻഡിക്കേറ്റംഗം എന്ന നിലയിൽ ആവശ്യപ്പെട്ട 66 പേപ്പറുകളാണ് നിയമപരമായ എല്ലാ ഉത്തരവുകളും നടപടികളും പൂർത്തിയാക്കി കൈപ്പറ്റിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം രജിസ്റ്റർ നമ്പരും ഫാൾസ് നമ്പരും ഒരുമിച്ച് നൽകുന്നത് ഉത്തരക്കടലാസ് ആരുടേതാണെന്ന് വെളിപ്പെടുന്നതിനും അത് പരീക്ഷ ക്രമക്കേടിനും വഴിവയ്ക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സുതാര്യതയും രഹസ്യ സ്വഭാവവും ഏറ്റവും കൃത്യമായി സൂക്ഷിക്കപ്പെടേണ്ടതാണെന്ന ഉത്തമ ബോധ്യത്തിലാണ് സിൻഡിക്കേറ്റും പരീക്ഷാ കമ്മറ്റിയും ആയതിന്റെ ചുമതലയുള്ളവരും പ്രവർത്തിക്കുന്നത്. നിയമപരമായും സാങ്കേതികമായും എല്ലാ ഘട്ടത്തിലും ഇത് ഉറപ്പാക്കുന്നത് നിരന്തരമായി നിരീക്ഷിക്കുകയും ചെറിയ വീഴ്ച പോലും വരാതെ സൂക്ഷിക്കുകയും ചെയ്തു കൊണ്ടാണ് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രവർത്തിക്കുന്നത്. തികച്ചും സാങ്കേതികവും സർവ്വകലാശാലയേയും വിദ്യാർത്ഥികളേയും ഏറെ സഹായിക്കുന്നതുമായ ഒരു കാര്യത്തിനായി നിയമപരമായി ചെയ്ത ഒരു കാര്യം ഒരു പരീക്ഷ ക്രമക്കേടിനും കാരണമാകില്ല എന്നത് ഉറപ്പാക്കിയിട്ടാണ് ചെയ്തിട്ടുള്ളത്. |
| (സി) | സിൻഡിക്കേറ്റ് അംഗങ്ങൾ ഇത്തരം നടപടികൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സർവ്വകലാശാലയുടെ ഗുണപരമായ നേട്ടത്തിനു വേണ്ടി സിൻഡിക്കേറ്റ് കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നത് വളരെ ചർച്ചകൾക്കുശേഷമാണ്. പുനർ മൂല്യ നിർണ്ണയത്തിനുവേണ്ടിയുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപസമിതിയുടെ കൺവീനർ എന്ന നിലയിലാണ് ടി വിവരങ്ങൾ പരീക്ഷാ വിഭാഗത്തിൽ നിന്നും ശേഖരിച്ചത് എന്നും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.